# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2343
## 09.12.2014 ലെ മറുപടിക്ക്
## <u>പേരാമ്പ്ര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്</u>

| | ചോദ്യം.<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ.<br>എം.എൽ.എ | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് സംബന്ധിച്ച് എന്തൊക്കെ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ; | ആസ്തി വികസന ഫണ്ട് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പേരാമ്പ്ര മണ്ഡലത്തിൽ നിന്നും ഇതുവരെ എന്തൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭിച്ചു എന്നും വ്യക്തമാക്കുമോ ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നിന്നും എം.എൽ.എ യുടെ ശുപാർശ സഹിതം ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് 2012-13 വർഷത്തിൽ ധനവകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്കും 2013-14 ലഭിച്ച 100 ലക്ഷം അടങ്കൽ വരുന്ന ഒരു പ്രവൃത്തിക്കും ധനവകുപ്പിന്റെ അംഗീകാരത്തോടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി പ്രവർത്തികൾ എല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവർത്തികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷം തന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | 28.12.2012 ലെ 73/12/ധന സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ ധനാനുമതി നൽകുന്നതിനോ തുടർന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനോ കാലതാമസം നേരിടുന്നില്ല. ടി പ്രവൃത്തികൾ നിർവ്വഹണ വകുപ്പുകളോ/ ഏജൻസികളോ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിച്ചാൽ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അകാരണമായി കാലതാമസം ഉണ്ടാകാറില്ല. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുവാൻ ധനവകുപ്പ് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കും നിർവ്വഹണവകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതാണ്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**